ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/82871/17/എച്ച്.എസ്.ഇ.                തീയതി. 14/02/2018

## സർക്കുലർ

വിഷയം- ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (ബി.പി.എൽ.) - സംബന്ധിച്ച്.

സൂചന- 1. 11/12/2017 തീയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ.
2. 20/12/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

ഈ വർഷത്തെ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പിന്റെ ജനറൽ കാറ്റഗറി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള തുകയുടെ അലോട്ട്മെന്റ് ഉത്തരവുകൾ നോട്ടിഫിക്കേഷനിൽ സൂചിപ്പിച്ച എല്ലാ സ്കൂളുകളിലേയ്ക്കും അയച്ചു നൽകിക്കഴിഞ്ഞു. ജനറൽ കാറ്റഗറി സ്കോളർഷിപ്പു വിതരണം സംബന്ധിച്ച വിശദമായ സർക്കുലർ സൂചന (2) *(അനുബന്ധമായി ചേർത്തിരിക്കുന്നു)* പ്രകാരം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം ഉടൻതന്നെ പ്രിൻസിപ്പൽമാർ തുക വിതരണം പൂർത്തിയാക്കേണ്ടതാണ്.

അർഹരായവരെ കണ്ടെത്തി തുക മുഴുവനും ഉടൻതന്നെ വിതരണം ചെയ്യേണ്ടതാണ്. നോട്ടിഫിക്കേഷനിൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും സ്കൂളുകളിൽ തുക അനുവദിച്ച ഉത്തരവ് ലഭ്യമായിട്ടില്ലെങ്കിൽ എത്രയും പെട്ടെന്നു തന്നെ ആ വിവരം ഈ ഓഫീസിൽ ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്.

അർഹതപ്പെട്ട ബി.പി.എൽ. വിഭാഗത്തിലുള്ള എല്ലാവരെയും പരിഗണിയ്ക്കാതെ തുക സറണ്ടർ ചെയ്യുവാൻ പാടുള്ളതല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഫോൺ: 0471- 2323198

എസിഡി.എസ്പിസി(1)/82871/2017/എച്ച്.എസ്.ഇ തീയതി: 20/12/2017

## സർക്കുലർ

വിഷയം: ഹ.സെ.വി.- മെറിറ്റ്-കം മീൻസ് സ്കോളർഷിപ്പ് - സംബന്ധിച്ച്.
സൂചന: 1. 09/11/2017 ലെ തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
2. 11/12/2017 ലെ തീയതിയിലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ.
3. സ.ഉ.(പി) നം.147/2017/ധന: തീയതി 16/11/2017.

2017-18 വർഷത്തെ മെറിറ്റ്-കം മീൻസ് സ്കോളർഷിപ്പ് നോട്ടിഫിക്കേഷൻ സൂചന (2) ആയി www.dhsekerala.gov.in പോർട്ടറിൽ നൽകിയിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങളും മറ്റും ആയതിൽ വിശദീകരിച്ചിട്ടുള്ളതാണ്. ആയത് കൃത്യമായി മനസ്സിലാക്കി തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്.

സൂചന (3) ലെ സർക്കാർ ഉത്തരവ് മുൻനിർത്തി സ്കോളർഷിപ്പു തുക ട്രഷറികളിൽ നിന്നും നേരിട്ട്, തെരഞ്ഞെടുക്കപ്പെടുന്നവരുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ഓരോ സ്കൂളിനും അനുവദിക്കപ്പെട്ടിട്ടുള്ള തുക അലോട്ട്മെന്റായി നൽകുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ടവരുടെ അക്കൗണ്ടു വിശദാംശങ്ങൾ ബില്ലിൽ ചേർത്ത് വേണം ബില്ല് ട്രഷറികളിൽ മാറുന്നതിനായി സമർപ്പിക്കേണ്ടത്. തുടർന്ന് ട്രഷറികളിൽ നിന്നും നേരിട്ട് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. ആയതിന്റെ രസീത് ട്രഷറികളിൽ നിന്നും വാങ്ങി രേഖകളോടൊപ്പം അതതു പ്രിൻസിപ്പൽമാർ സൂക്ഷിക്കേണ്ടതുമാണ്.

തുക വിതരണം പൂർത്തിയായശേഷം ഗുണഭോക്താക്കളുടെ വിവരശേഖരണത്തിനായി Online Link ലഭ്യമാക്കുന്നതാണ്.

ട്രഷറികളിൽ കാലതാമസം ഒഴിവാക്കുന്നതിനായി അലോട്ട്മെന്റ് പ്രൊസീഡിംങ്സ് കിട്ടിയ ഉടൻതന്നെ ആയത് മാറി വിദ്യാർത്ഥികൾക്കു നൽകേണ്ടതാണ്.

ഒപ്പ്
**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**